ഫെബ്രുവരി 2022

Atal Mission for Rejuvenation and Urban Transformation

# അമൃത് വാർത്താ പത്രിക

Azadi Ka Amrit Mahotsav

ലക്കം 10





ആലപ്പുഴ – നവീകരിച്ച  വലിയ ചുടുകാട് വിശ്രമ കേന്ദ്രം



തൃശ്ശൂർ –നവീകരിച്ച നെഹ്റു പാർക്ക്

# അമൃത് വാർത്താ പത്രിക

ഫെബ്രുവരി 2022 I പുസ്തകം 1 I ലക്കം 10



## എഡിറ്റോറിയൽ

അമൃത് 1.0 പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി എല്ലാ അമൃത് നഗരങ്ങളുടെയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. എല്ലാ അമൃത് നഗരങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. പദ്ധതിയുടെ ഭൗതീക പുരോഗതിയോടൊപ്പം സാമ്പത്തിക പുരോഗതിയും കൈവരിക്കുവാൻ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. പൂർത്തിയാകുന്ന പദ്ധതികൾ യഥാസമയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും വിധത്തിൽ കമ്മീഷൻ ചെയ്യേണ്ടതും മിഷന്റെ ഭാഗമായി കരുതി അത്തരം പ്രവർത്തനങ്ങളിൽ കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്.

അമൃത് 2.0 പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായുള്ള വിവിധ പരിശീലന പരിപാടികൾ നടന്നു വരുന്നുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാനവും നടത്തുന്ന അത്തരം പരിശീലന പരിപാടികളിൽ പൂർണ്ണമായ തോതിൽ പങ്കെടുക്കേണ്ടതുണ്ട്. നവീനമായ പദ്ധതി ഘടകങ്ങളും സാങ്കേതികത്വങ്ങളും നന്നായി മനസ്സിലാക്കിയാൽ മാത്രമെ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അമൃത് 1.0 കേരളത്തിലെ 9 നഗരങ്ങളിൽ മാത്രമായിരുന്നുവെങ്കിൽ അമൃത് 2.0 കേരളത്തിലെ മുഴുവൻ നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്. അതിനാൽ തന്നെ നഗര കേരളത്തിന്റെ സമഗ്രമായ വികസനത്തിന് അനുഗുണമായ തരത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. നഗരങ്ങളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്ന പദ്ധതിയാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. കേരളത്തിലെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളിലും അതിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നഗരസഭാ പരിധിയിലെ ജലാശയങ്ങളുടെ വിവരങ്ങൾ, ജല ശുദ്ധീകരണം, വിതരണം എന്നിവയുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നഗര ജല സംതുലന പദ്ധതിയുടെ (City Water Balance Plan) രൂപീകരണം വിവിധ നഗരസഭകളിൽ നടത്തുകയും. 93 നഗരസഭകൾ അവരുടെ പദ്ധതി രേഖ അംഗീകരിച്ച് സമർപ്പിക്കുകയും ചെയ്തു.

അടുത്തതായി നഗര ജല കർമ്മ പദ്ധതി (City Water Action Plan) തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 93 നഗരസഭകളിൽ ജലവിതരണവും ഗാർഹിക ജലവിതരണ കണക്ഷൻ നൽകലും, ജലാശയങ്ങളുടെ പുനരുജ്ജീവനം, പാർക്ക് എന്നീ മേഖലകളിലെ പദ്ധതി തയ്യാറാക്കലും സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലെ സ്വീവേജ് & സെപ്റ്റേജ് മേഖലയിലെ പദ്ധതികളും തയ്യാറാക്കി നൽകേണ്ടതുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടവയാണ്. അമൃത് 2.0 പദ്ധതികളുടെ അംഗീകാരവും പദ്ധതി വിഹിതവും നിശ്ചയിക്കുന്നത് ഇത്തരം ഘടകങ്ങളാകയാൽ എല്ലാ നഗരസഭകളും ഇക്കാര്യങ്ങൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന കാര്യം നഗരസഭകൾ ശ്രദ്ധിക്കേണ്ടതാണ്.

മിഷൻ ഡയറക്ടർ


**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.



**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com


*(സ്വകാര്യ വിതരണത്തിന് മാത്രം)*



നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന കൊല്ലം കുരീപ്പുഴ ദ്രവ മാലിന്യ പ്ലാന്റ്



അമൃത് വാർത്താ പത്രിക

ഫെബ്രുവരി 2022

# ഉള്ളടക്കം



5 തൊഴിൽ നികുതി പോർട്ടൽ ഉദ്ഘാടനം


7 ആലപ്പുഴ - വാട്ടർ കിയോസ്ക്കുകളുടെ ഉദ്ഘാടനം

8 ആലപ്പുഴ - വലിയചുടുകാട് വിശ്രമകേന്ദ്രം ഉദ്ഘാടനം

9 അമൃത് നഗരതല അവലോകന യോഗം

10 അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതി യോഗം

11 ഡ്രോൺ സർവ്വെ - മേൽനോട്ട സമിതി യോഗം



12 അമൃതം ആപ്പ്

13 പടന്നപ്പാലം - മലിനജല സംസ്കരണ പ്ലാന്റ്

15 കാരണക്കോടം തോടിന്റെയും അടിമുറി തോടിന്റെയും നവീകരണ പ്രവർത്തികൾ

16 പാലക്കാട് - മൈത്രി നഗർ പാർക്ക്

17 ടുലിപ് - അനുഭവക്കുറിപ്പുകൾ





നവീകരിച്ച ആലപ്പുഴ വലിയ ചുടുകാട് വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം
ബഹു. ഫിഷറീസും സാംസ്കാരികവും വകുപ്പ് മന്ത്രി ശ്രീ സജി ചെറിയാൻ നിർവ്വഹിക്കുന്നു




ആലപ്പുഴ നഗരസഭയിലെ വാട്ടർ കിയോസ്കുകളുടെ ഉദ്ഘാടനം
ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് നിർവ്വഹിക്കുന്നു





# തൊഴിൽ നികുതി - ഓൺലൈൻ പോർട്ടൽ
## ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു



**സംസ്ഥാനം കൈവരിച്ച പരിഷ്ക്കരണ നാഴികക്കല്ലുകൾക്ക് ലഭിച്ച പ്രോത്സാഹനതുകയിൽ നിന്നാണ് ഓൺലൈൻ പോർട്ടലിനായുള്ള തുക കണ്ടെത്തിയത്. കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഈ ഓൺലൈൻ പോർട്ടൽ വഴി തൊഴിൽ നികുതി അടയ്ക്കുവാൻ സാധിക്കും. അമൃത് പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടമായി ഇത് കണക്കാക്കാം.**

കേരളത്തിലെ നഗരസഭകളുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ് തൊഴിൽ നികുതി. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ജീവനക്കാരും പ്രൊഫഷണലുകളും ഉൾപ്പടെ തൊഴിൽ മേഖലയിലെ എല്ലാവരും ഈ നികുതി ഒടുക്കേണ്ടവരാണ്. സാധാരണ നിശ്ചിത സമയ പരിധിക്കുള്ളിൽ നഗരസഭകൾ നേരിട്ടാണ് നികുതി പിരിക്കുന്നത്. ഈ സംവിധാനം കാര്യക്ഷമമാക്കുവാനും എല്ലാ തൊഴിൽ സ്ഥാപനങ്ങളിലുള്ളവർക്കും നികുതി അടയ്ക്കുന്നതിന് സുതാര്യവും സുഗമവും ആയ ഒരു സംവിധാനമെന്ന നിലയ്ക്കാണ് ഓൺലൈൻ പോർട്ടൽ എന്ന സംവിധാനം നടപ്പിലാക്കുവാൻ നഗരകാര്യ വകുപ്പ് തിരുമാനിച്ചത്.

അമൃത് പദ്ധതികളുടെ ഭാഗമായി ചില പരിഷ്ക്കരണ നടപടികൾ സംസ്ഥാനത്തെ അമൃത് നഗരങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. അത്തരത്തിൽ കൈവരിക്കുന്ന പരിഷ്ക്കരണങ്ങളുടെ നാഴികക്കല്ലുകൾക്ക് ഒരു പ്രോത്സാഹനതുക കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അത്തരത്തിൽ സംസ്ഥാനം കൈവരിച്ച പരിഷ്ക്കരണ നാഴികക്കല്ലുകൾക്ക് ലഭിച്ച പ്രോത്സാഹനതുകയിൽ നിന്നാണ് ഓൺലൈൻ പോർട്ടലിനായുള്ള തുക കണ്ടെത്തിയത്. കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഈ ഓൺലൈൻ പോർട്ടൽ വഴി തൊഴിൽ നികുതി അടയ്ക്കുവാൻ സാധിക്കും. അമൃത് പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടമായി ഇത് കണക്കാക്കാം.





ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം 2022 ജനുവരി 3 ന് ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി നിർവ്വഹിച്ചു.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് അവരുടെ ജോലിക്കാരുടെ വിശദാംശങ്ങളും അവരുടെ വേതനവും, ജോലിക്കാർക്ക് അവരുടെ തസ്തികയും വേതനവും പോർട്ടലിൽ അപ് ലോഡ് ചെയ്യാൻ സാധിക്കും. രജിസ്റ്റർ ചെയ്യുന്നവർക്ക് പോർട്ടലിൽ നികുതി സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് തങ്ങളുടെ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനും പോർട്ടലിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുവാനും സാധിക്കും. തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബാങ്കുകളുടെ ഗേറ്റ് വേയിലൂടെ വ്യക്തികൾക്ക് പോർട്ടലിൽ തൊഴിൽ നികുതി അടയ്ക്കാൻ സാധിക്കും. ഓരോ നഗരസഭകൾക്കും ലഭ്യമാകുന്ന തൊഴിൽ നികുതിയുടെ വിവരങ്ങൾ പോർട്ടലിൽ അറിയാൻ സാധിക്കും.

ഓൺലൈൻ തൊഴിൽ നികുതി സംവിധാനം നഗരസഭകൾക്കും നികുതിദായകർക്കും ഒരുപോലെ ഉപകാരപ്രദമായിരിക്കും.


***സ്ഥാപനങ്ങൾക്ക് അവരുടെ ജോലിക്കാരുടെ വിശദാംശങ്ങളും അവരുടെ വേതനവും, ജോലിക്കാർക്ക് അവരുടെ തസ്തികയും വേതനവും പോർട്ടലിൽ അപ് ലോഡ് ചെയ്യാൻ സാധിക്കും. രജിസ്റ്റർ ചെയ്യുന്നവർക്ക് പോർട്ടലിൽ നികുതി സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് തങ്ങളുടെ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനും പോർട്ടലിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുവാനും സാധിക്കും. തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബാങ്കുകളുടെ ഗേറ്റ് വേയിലൂടെ വ്യക്തികൾക്ക് പോർട്ടലിൽ തൊഴിൽ നികുതി അടയ്ക്കാൻ സാധിക്കും.***



# വാട്ടർ കിയോസ്കുകളുടെ ഉദ്ഘാടനം ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു



ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച വാട്ടർ കിയോസ്കുകളുടെ ഉദ്ഘാടനം ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. ബഹു. എം.എൽ.എ. ശ്രീ. എച്ച് സലാം അദ്ധ്യക്ഷനായ ചടങ്ങിൽ ബഹു. എം.എൽ.എ. പി.പി. ചിത്തരഞ്ചൻ, ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സൗമ്യ രാജ്, നഗരസഭാ കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി 150.78 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. ഇതിന്റെ ഭാഗമായി കൊമ്മാടി, പഴവങ്ങാടി, തത്തംപള്ളി, എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജല സംഭരണി, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 281 കിലോമീറ്റർ ജലവിതരണ ശൃംഖല ദീർഘിപ്പിക്കൽ, വിവിധ സ്ഥലങ്ങളിലായി 20 വാട്ടർ കിയോസ്കുകൾ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി കഴിഞ്ഞു. അവശേഷിക്കുന്ന 35 കിലോമീറ്റർ ജലവിതരണ ശൃംഖല ദീർഘിപ്പിക്കൽ, കരുമാടി പ്ലാന്റിൽ ഫ്ളോമീറ്റർ ഘടിപ്പിക്കൽ, ആലിശ്ശേരിയിൽ ഉന്നതതല ജല സംഭരണി നിർമാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ആലിശ്ശേരി, വാടയ്ക്കൽ, ഇരവുകാട്, തുമ്പോളി, ടൗൺഹാൾ, മംഗലം, കാളാത്ത്, പോളഭാഗം, പൂന്തോപ്പ്, പഴവീട്, തിരുവമ്പാടി, വലിയകുളം, വാടക്കനാൽ, ചുടുകാട്, ഇ.എസ്.ഐ.ബീച്ച്, കൊത്തുവാൾചാവടി, വടികാട്, ശതാബ്ദി മന്ദിരം, പള്ളാത്തുരുത്തി, ആര്യാട്, എന്നീ പ്രദേശങ്ങളിലാണ് 20 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. ഏകദേശം 66000 ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതാണ് പദ്ധതി.

കേരള വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിൽ നിന്നെടുക്കുന്ന ജലം റിവേഴ്സ് ഓസ്മോസിസ് പ്രവർത്തനം വഴി ശുദ്ധീകരിച്ചാണ് വാട്ടർ കിയോസ്കുകൾ വഴി വിതരണം നടത്തുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ വഴിയാണ് കിയോസ്കുകളിൽ ജലമെത്തിക്കുന്നത്. ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള മർദ്ദം ജലത്തിന്റെ വിതരണ കുഴലുകളിൽ ഇല്ലാത്തതിനാൽ ആവശ്യമായ ജല ലഭ്യത ഉറപ്പാക്കുന്നതിന് ഭൂതലത്തിൽ പ്രത്യേക ടാങ്ക് സ്ഥാപിക്കുകയും പമ്പ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഒരു കിയോസ്കിനു 10.70 ലക്ഷം രൂപ നിരക്കിൽ ഏകദേശം 2.15 കോടിയോളം രൂപ ചിലവഴിച്ചാണ് പണികൾ പൂർത്തീകരിച്ചിരിക്കുന്നത്.

ജനങ്ങൾക്ക് മിതമായ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വാട്ടർ കിയോസ്കുകളുടെ നടത്തിപ്പും പരിപാലനവും ആലപ്പുഴ നഗരസഭയാണ് നിർവഹിക്കുന്നത്. ഒരു കിയോസ്ക്കിൽ നിന്നും മണിക്കൂറിൽ 1000 ലിറ്റർ വരെ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കും.



# നവീകരിച്ച വലിയ ചുടുകാട് വിശ്രമകേന്ദ്രം ബഹു. ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച വലിയ ചുടുകാട് വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം ബഹു. ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിച്ചു. ബഹു. എം.എൽ.എ. ശ്രീ. എച്ച് സലാം അദ്ധ്യക്ഷനായ ചടങ്ങിൽ ബഹു. എം.പി. ശ്രീ. എ.എം. ആരിഫ് മുഖ്യാതിഥിയായിരുന്നു. ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സൗമ്യ രാജ്, നഗരസഭാ കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, സീവറേജ് & സെപ്റ്റേജ്, നഗരഗതാഗതം, സ്റ്റോം വാട്ടർ ഡ്രയിനേജ്, പാർക്കുകളും ഹരിതവൽക്കരണവും എന്നീ സെക്ടറുകൾക്കായി ആകെ 222.7 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിച്ച് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തികൾ നടന്നു വരുന്നു. പാർക്കുകളും ഹരിതവത്ക്കരണവും എന്ന മേഖലയിൽ ആകെ 4.36 കോടി രൂപ അനുവദിച്ചതിൽ വലിയചുടുകാട് വിശ്രമ കേന്ദ്രത്തിനായി 3 ഘട്ടങ്ങളിലായി 1 കോടി 61 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും സിവിൽ നിർമ്മാണ പ്രവൃത്തികൾ സ്റ്റേറ്റ് അഗ്രി ഹോർട്ടി സൊസൈറ്റി, തിരുവനന്തപുരം എന്ന സ്ഥാപനവും 11 ലക്ഷം രൂപയുടെ ഇലക്ട്രിക് പ്രവൃത്തികളുടെ നിർമ്മാണം കരാറുകാരനായ ശ്രീ ഹരീഷും ആണ് ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളത്.

നിലവിലുള്ള ശ്മശാനത്തിന്റെ വടക്ക് ഭാഗത്തായി ഏകദേശം ഒന്നര ഏക്കർ സ്ഥലത്ത് 3500 ചെടികളും ഒരു കിലോമീറ്റർ നീളത്തിലുള്ള നടപ്പാതയും 30,000 ചതുരശ്ര അടി പുൽത്തകിടിയും വിശ്രമിക്കാനായി 6 പവലിയനുകളും 20 ബഞ്ചുകളും സജ്ജമാക്കിയിട്ടുണ്ട്. ഈ വിശ്രമകേന്ദ്രത്തിലേയ്ക്കുള്ള പ്രധാന പാതയ്ക്ക് ഇരുവശങ്ങളിലുമായി നക്ഷത്രവനവും ഒരുക്കിയിട്ടുണ്ട്. ഈ വിശ്രമകേന്ദ്രത്തിന് ആവശ്യമായ ദീപാലങ്കാരങ്ങളും ജലസേചനം നടത്തുന്നതിനായി സ്പ്രിംഗ്ലറുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടേയ്ക്ക് വരുന്നവർക്കാവശ്യമായ കംഫർട്ട് സ്റ്റേഷനും പൂർത്തീകരിച്ചിട്ടുണ്ട്

ചരിത്രം ഉറങ്ങുന്ന ഈ വലിയചുടുകാട് ഉദ്യാനവൽക്കരിക്കുന്നതിലൂടെ ഈ ശ്മശാന ഭൂമിയുടെ ശോക മൂകമായ അന്തരീക്ഷത്തിന് ഒരു മാറ്റം ഉണ്ടാകുകയും ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്കും ദേശീയപാതയിലൂടെയുള്ള യാത്രക്കാർക്കും വിശ്രമത്തിന് പ്രയോജനകരമാകുന്ന രീതിയിലാണ് പാർക്ക് ഒരുക്കിയിരിക്കുന്നത്.




# അമൃത് നഗരതല അവലോകന യോഗങ്ങൾ - റിപ്പോർട്ട്













അമൃത് പദ്ധതികളുടെ നഗരതല അവലോകന യോഗങ്ങൾ അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 18,19,20,21,27,28,29 തീയതികളിൽ നടത്തി. സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലെയും അമൃത് പദ്ധതികളുടെ പുരോഗതി യോഗം വിലയിരുത്തി. ഓൺലൈനായി നടത്തിയ യോഗങ്ങളിൽ അതാത് നഗരസഭകളുടെ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെയും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളിലെയും എക്സ്പർട്ടുകൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.


അമൃത് മിഷനു കീഴിൽ അമൃത് നഗരങ്ങളിൽ നടന്നുവരുന്ന പദ്ധതികളിൽ ഭരണ-സാങ്കേതികാനുമതികൾ നൽകിയ പദ്ധതികൾ, ടെൻഡർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾ, വർക്ക് അവാർഡ് ചെയ്ത പദ്ധതികൾ എന്നിവ യോഗം വിലയിരുത്തി. പദ്ധതി നിർവ്വഹണം നടന്നുവരുന്ന പദ്ധതികളുടെ ഭൗതീക പുരോഗതിയും സാമ്പത്തിക പുരോഗതിയും യോഗം ചർച്ച ചെയ്തു. ഭൗതീക പുരോഗതി കൈവരിച്ചിട്ടും സാമ്പത്തിക പുരോഗതി ഇല്ലാത്ത പദ്ധതികളുടെയും സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടും ഭൗതീക പുരോഗതി കൈവരിക്കാത്ത പദ്ധതികളുടെയും ത്വരിത ഗതിയിലുള്ള മുന്നേറ്റം സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു.

പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാത്ത പദ്ധതികളുടെയും പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലായ പദ്ധതികളുടെയും വിശദാംശങ്ങൾ മിഷൻ ഡയറക്ടർ യോഗത്തിൽ പ്രത്യേകം പരമാർശിക്കുകയും അത്തരം പദ്ധതികളുടെ നിർവ്വഹണ പുരോഗതിക്ക് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

അമൃത് 2.0 നിലവിൽ വന്ന സാഹചര്യത്തിൽ അമൃത് 1.0 ന് കീഴിലെ പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കുവാൻ വേണ്ട സഹായങ്ങൾ നൽകണമെന്ന് അമൃത് നഗരങ്ങളിലെ സെക്രട്ടറിമാരോട് മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു.







# അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതി യോഗം

അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ 29-ാമത് യോഗം 2022 ജനുവരി 4-ാം തീയതി നടന്നു. യോഗത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിരുന്നു. അമൃത് മിഷൻ ഡയറക്ടർ അജണ്ട ഇനങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. വിവിധ വകുപ്പ് മേലദ്ധ്യക്ഷൻമാരും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. വീഡിയോ കോൺഫറൻസ് വഴിയാണ് യോഗം നടത്തിയത്.





സിവേജ് സെക്ടറിലെ പദ്ധതികളുടെ നിർവ്വഹണം യോഗം വിലയിരുത്തി. സ്വീവേജ് സെക്ടറിൽ ഗണ്യമായ പുരോഗതി കൈവരിക്കാനായ ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് കണ്ണൂർ എന്നീ നഗരസഭകളെ യോഗം അഭിനന്ദിച്ചു. കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരസഭകൾ കൂടുതൽ കാര്യക്ഷമതയോടെ ഈ സെക്ടറിലെ പദ്ധതികൾ നടപ്പിലാക്കണമെന്ന് യോഗം നിർദ്ദേശിച്ചു. വിവിധ നഗരസഭകൾ സമർപ്പിച്ച ഭരണാനുമതി പുതുക്കാനുള്ള അപേക്ഷകൾ യോഗം പരിഗണിച്ചു. വിശദമായ ചർച്ചകൾ നടത്തി ഭരണാനുമതി പുതുക്കുന്നതിന് അംഗീകാരം നൽകി.





# ഡ്രോൺ സർവ്വെ
## മേൽനോട്ട സമിതി യോഗം




***ഭൂപ്രകൃതിയിലും പ്രകൃതി വിഭവങ്ങളിലും വളരെയേറെ വൈവിധ്യം പുലർത്തുന്ന നമ്മുടെ രാജ്യത്തെ സംബന്ധിച്ച് കേന്ദ്രീകൃത ആസൂത്രണത്തെക്കാൾ കൂടുതൽ പ്രായോഗികവും ഫലപ്രാപ്തിയും കൈവരിക്കുക വികേന്ദ്രീകൃതാസൂത്രണമാണ്. ഈ ആശയത്തിലൂന്നിയാണ് രാജ്യത്തെ നഗരങ്ങളിൽ ലോക്കൽ ഏരിയ പ്ലാനിംഗ് നടപ്പിലാക്കുന്നത്.***

രാജ്യത്തിന്റെ സുസ്ഥിരമായ വികസനത്തിനും പുരോഗതിയ്ക്കും കൃത്യമായ ആസൂത്രണം അനിവാര്യമാണ്. ഭൂപ്രകൃതിയിലും പ്രകൃതി വിഭവങ്ങളിലും വളരെയേറെ വൈവിധ്യം പുലർത്തുന്ന നമ്മുടെ രാജ്യത്തെ സംബന്ധിച്ച് കേന്ദ്രീകൃത ആസൂത്രണത്തെക്കാൾ കൂടുതൽ പ്രായോഗികവും ഫലപ്രാപ്തിയും കൈവരിക്കുക വികേന്ദ്രീകൃതാസൂത്രണമാണ്. ഈ ആശയത്തിലൂന്നിയാണ് രാജ്യത്തെ നഗരങ്ങളിൽ ലോക്കൽ ഏരിയാ പ്ലാനിംഗ് നടപ്പിലാക്കുന്നത്.

അമൃത് പദ്ധതിയുടെ പരിഷ്ക്കരണ നടപടികളുടെ ഭാഗമായി തിരുവനന്തപുരത്ത് പൈലറ്റ് പദ്ധതിയായി ലോക്കൽ ഏരിയ പ്ലാനിംഗ് ആന്റ് ടൗൺ പ്ലാനിംഗ് സ്കീംസ് ഫോർ തിരുവനന്തപുരം എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ അതീവ സുരക്ഷാ മേഖലകളിൽ ഡ്രോൺ ഉപയോഗിച്ച് സർവ്വെ നടത്തേണ്ടതായിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ, മിഷൻ ഡയറക്ടർ, അമൃത്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ഡെപ്യൂട്ടി കമാന്റന്റ് (സെക്യൂരിറ്റി), സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവരടങ്ങിയ സമിതിയാണ് ഡ്രോൺ സർവെയുടെ മേൽനോട്ട സമിതി അംഗങ്ങൾ.

സമിതിയുടെ രണ്ടാമത് യോഗം 12.01.2022 ന് ഓൺലൈനായി നടത്തുകയുണ്ടായി സമിതി അംഗങ്ങളും ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥരും സർവെ നടത്തുന്ന ഏജൻസിയുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. സർവെ സംബന്ധിച്ച വിശദാംശങ്ങൾ യോഗം ചർച്ച ചെയ്തു. എത്രയും വേഗം സർവെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഒരുക്കങ്ങളും നടപടികളും സ്വീകരിക്കുന്നതിന് യോഗം ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തി.






# അമൃതം ആപ്പ്


രാജ്യത്തെ എല്ലാവർക്കും ഗാർഹിക ജലവിതരണ കണക്ഷനുകൾ നൽകിയും, നഗരങ്ങളെ ജലഭദ്രതയുള്ളതാക്കിയും 'ആത്മ നിർഭർ ഭാരത്' ലേയ്ക്ക് ഒരു ചുവട്‌വെയ്പ്പാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ സംരക്ഷണം, ജലാശയങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനം, മലിനജലത്തിന്റെ സംസ്കരണവും പുനരുപയോഗവും, സാമുഹ്യ പങ്കാളിത്തത്തോടെയുള്ള മഴവെള്ളക്കൊയ്ത്ത് തുടങ്ങി ജലത്തിന്റെ ചാക്രിക മിതവ്യയത്തിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാനാവുക. ജനങ്ങളുടെ പദ്ധതിയായി അതായത് ജൻ ആന്ദോളൻ ആയാണ് മിഷൻ പ്രവർത്തനം നടത്തുക. രാജ്യത്തെ 500 അമൃത് നഗരങ്ങളിലെയും സമ്പൂർണ്ണ സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം അമൃത് 2.0 ലക്ഷ്യമിടുന്നു.

2021 നവംബർ 1 ന് ശേഷം തദ്ദേശ നഗരസ്ഥാപനങ്ങൾ നൽകുന്ന ഓരോ ഗാർഹിക ജല വിതരണ കണക്ഷനുകൾക്കും 3000/- രൂപ നിരക്കിലും 500 അമൃത് നഗരങ്ങളിൽ പുതിയതായി നൽകുന്ന സ്വീവേജ് കണക്ഷനുകൾക്ക് 3000/- രൂപ നിരക്കിലും ഫണ്ട് അനുവദിക്കും. അമൃത് പദ്ധതിയിൽ ഉൾപ്പെടാത്തതും പുതിയതായി നൽകുന്ന കണക്ഷനുകളുമാണ് ഫണ്ടിനായി പരിഗണിക്കുന്നത്. നഗര ജല സംതുലന പദ്ധതി പൂർത്തിയായതിനുശേഷം മൂന്ന് മാസത്തിലൊരിക്കൽ ഈ ഫണ്ടിനായി ആവശ്യമുന്നയിക്കാവുന്നതാണ്. പൊതുജനങ്ങളുടെ അഭിപ്രായവും നിക്ഷ്പക്ഷ ഏജൻസിയുടെ വിലയിരുത്തലുകളും പരിഗണിച്ച് പദ്ധതിയുടെ പ്രവർത്തന ഫലപ്രാപ്തിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഘട്ടങ്ങളായിട്ടായിരിക്കും ഫണ്ട് നൽകുക. ഈ ഘടകത്തിൽ അനുവദിക്കുന്ന ഫണ്ട് അമൃത് 2.0 യുടെ ഭാഗമായ പദ്ധതി ഘടകങ്ങൾക്ക് മാത്രമെ വനിയോഗിക്കാവൂ.

മേൽ സൂചിപ്പിച്ച ഫണ്ട് യഥാവിധി ചെലവഴിക്കുന്നതിനും ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ എത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമായി ഒരു ആപ്പ് തയ്യാറാക്കുന്നു. അമൃതം ആപ്പ് എന്ന പേരാണ് ആപ്പിന് നൽകിയിരിക്കുന്നത്. ഇതിലൂടെ ഫണ്ട് കൈമാറ്റം, വാട്ടർ, സ്വീവേജ് കണക്ഷനുകളുടെ തൽസ്ഥിതി, കണക്ഷൻ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും. ആപ്പ് ലോഞ്ച് ചെയ്യുന്നതിന് മുന്നോടിയായി ഇതിന്റെ പ്രവർത്തനവും സവിശേഷതകളും പരിചയപ്പെടുത്തുന്നതിനായി സംസ്ഥാനതല ഉദ്യോഗസ്ഥർക്കായി 2022 ജനുവരി 11 ന് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് മന്ത്രാലയം സംഘടിപ്പിച്ച പരിപാടിയിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

***2021 നവംബർ 1 ന് ശേഷം തദ്ദേശ നഗരസ്ഥാപനങ്ങൾ നൽകുന്ന ഓരോ ഗാർഹിക ജല വിതരണ കണക്ഷനുകൾക്കും 3000/- രൂപ നിരക്കിലും 500 അമൃത് നഗരങ്ങളിൽ പുതിയതായി നൽകുന്ന സ്വീവേജ് കണക്ഷനുകൾക്ക് 3000/- രൂപ നിരക്കിലും ഫണ്ട് അനുവദിക്കും. അമൃത് പദ്ധതിയിൽ ഉൾപ്പെടാത്തതും പുതിയതായി നൽകുന്ന കണക്ഷനുകളുമാണ് ഫണ്ടിനായി പരിഗണിക്കുന്നത്.***

# പടന്നപ്പാലത്ത് മലിനജല ശുദ്ധീകരണ പ്ലാന്റ് നിർമാണം പുരോഗമിക്കുന്നു




കണ്ണൂർ നഗരസഭാ പ്രദേശത്തെ ജലസ്രോതസ്സുകളുടെയും ഭൂഗർഭ ജലവും മലിനമാകാതെ സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മലിനജല മുക്തമായ കണ്ണൂർ നഗരത്തിലേയ്ക്കുള്ള ചുവടുവെയ്പ്പിന്റെ തുടക്കമെന്ന നിലയിൽ നഗരമധ്യത്തിലുള്ള കാനത്തൂർ, തളിക്കാവ് വാർഡുകളിൽ 13.42 കി.മീ ദൈർഘ്യത്തിൽ സ്വീവേജ് പൈപ്പ് ലൈൻ ശൃംഖല സ്ഥാപിച്ച് പടന്നപ്പാലത്തെ 10 ലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിക്കുന്ന പ്രവർത്തിയുടെ നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.



RMBR സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പ്ലാന്റിന്റെ പ്രവർത്തനം. അതിനൂതനമായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാൽ പരിസരത്ത് യാതൊരുവിധ ദുർഗന്ധമോ മറ്റ് മാലിന്യങ്ങളോ ഉണ്ടാകുന്നില്ല. കുടിവെള്ള ശുദ്ധീകരണത്തിന് ഉപയോഗിക്കുന്നതിന് സമാനമായ പ്രക്രീയകളിലൂടെ മലിനജലം ശുദ്ധീകരിക്കുന്നതിനാൽ ശുദ്ധീകരിച്ചു കിട്ടുന്ന ജലം കൃഷിക്കും, കെട്ടിട നിർമാണത്തിനും, മറ്റ് വ്യവസായ ആവശ്യങ്ങൾക്കും പുനരുപയോഗിക്കാൻ സാധിക്കും. ജലദൗർലഭ്യം നേരിടുന്ന ഇക്കാലത്ത് ജലത്തിന്റെ പുനരുപയോഗം വളരെയേറെ പ്രാധാന്യമുള്ളതാണ്. മലിനജലം പാഴാകാതെ ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലുടെ പരിസരമലിനീകരണം, ജലജന്യ സാംക്രമിക രോഗങ്ങൾ, ജലസ്രോതസ്സുകളുടെ മലിനീകരണം എന്നിവയിൽ നിന്ന് സംരക്ഷണം നൽകുക കൂടി ചെയ്യുന്നു.





*പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതോടുകൂടി കാനത്തൂർ, താളിക്കാവ് വാർഡുകളിലെ എല്ലാ വീടുകളിലെയും വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെയും മലിനജലം ശാസ്ത്രീയമായി സംസ്കരിച്ച് പുനരുപയോഗിക്കാൻ സാധിക്കും.*

11.08.2020 ലാണ് പദ്ധതിയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചത്. 06.12.2021 നാണ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 23.6 കോടി രൂപയാണ് പദ്ധതിയുടെ നിർമാണ ചെലവ്. പ്ലാന്റിന്റെയും സ്വീവേജ് ശൃംഖലയുടെയും നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.


സ്വീവേജ് ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് പൈപ്പ് ലൈനുകളും മാൻഹോളുകളും സ്ഥാപിക്കുന്ന പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വെല്ലിന്റെ നിർമാണം പുരോഗമിക്കുന്നു.

പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതോടുകൂടി കാനത്തൂർ, താളിക്കാവ് വാർഡുകളിലെ എല്ലാ വീടുകളിലെയും വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെയും മലിനജലം ശാസ്ത്രീയമായി സംസ്കരിച്ച് പുനരുപയോഗിക്കാൻ സാധിക്കും.





# കാരണക്കോടം തോടിന്റെയും അടിമുറി തോടിന്റെയും നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു.



കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അമൃത് പദ്ധതിയിലുൾപ്പെടുത്തി കാരണക്കോടം തോടിന്റെയും അടിമുറി തോടിന്റെയും നവീകരണ പ്രവർത്തികൾ നടന്നു വരുന്നു. നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.


ബാനർജി റോഡ് മുതൽ തമ്മനം പുല്ലേപടി റോഡുവരെയുള്ള കാരണംക്കോടം തോടിന്റെ 2 കി.മീ. ഭാഗം ചെളി കോരി, പാർശ്വഭിത്തി കെട്ടി പുനരുദ്ധരിച്ചിട്ടുണ്ട്. കൂടാതെ കാരണംക്കോടം തോടിലേക്ക് ചേരുന്ന അടിമുറിത്തോടിലെയും ചെളി നീക്കം ചെയ്ത് പാർശ്വഭിത്തി കെട്ടി കാരണക്കോടം തോടിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

അടിമുറിത്തോട് ജംഗ്ഷനിൽ വെള്ളക്കെട്ടിന് കാരണമായിരുന്ന 2 മീറ്റർ വീതിയിലുണ്ടായിരുന്ന കൾവർട്ട് പൊളിച്ച് 4 മീറ്റർ വീതിയിലും 8 മീറ്റർ നീളത്തിലും ആഴം കൂട്ടി പുതുക്കി പണിതു. ഇതോടെ ഈ ഭാഗത്തുള്ള വെള്ളം സുഗമമായി ഒഴുകി പോകാൻ വഴിയൊരുങ്ങി. കലൂർ സ്റ്റേഡിയത്തിന് പുറകിലുള്ള അടിമുറിത്തോടിന്റെ ഭാഗം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ആഴംകൂട്ടി പാർശ്വഭിത്തി നിർമ്മിച്ചതുകാരണം ഈ ഭാഗത്തെയും വെള്ളക്കെട്ട് ഒഴിവാകും. 2.83 കോടി രൂപയുടെ ഭരണാനുമതിയാണ് പദ്ധതിയ്ക്കുള്ളത്.





# മൈത്രി നഗർ പാർക്ക് നവീകരണം പൂർത്തിയായി






പാലക്കാട് നഗരസഭയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച മൈത്രി നഗർ പാർക്ക് ഉദ്ഘാടനത്തിന് തയ്യാറെടുക്കുന്നു.

കുട്ടികൾക്കായുള്ള വിവിധ കളിയുപകരണങ്ങൾ, ഫിറ്റ്നെസ് ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. പാർക്കിൽ നിലവിലുണ്ടായിരുന്ന ബാഡ്മിന്റൺ കോർക്ക് അതേപടി നിലനിർത്തിയിട്ടുണ്ട്. നടക്കാനായി ഇന്റർലോക്ക് ചെയ്ത നടപ്പാതകൾ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ പ്രായക്കാർക്കും ഉപകാരപ്പെടുന്ന രീതിയിലുള്ള നവീകരണപ്രവർത്തികളാണ് പാർക്കിൽ നടത്തിയത്. ചുറ്റുമതിൽ കെട്ടി നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കാനായി 20,57,000/- രൂപ ചെലവഴിച്ചു.









**നഷ്റ എൻ.**

> *"പ്രോജക്ടുകളിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതും പ്രോജക്ടിന്റെ സാധ്യതകളും മനസ്സിലാക്കുവാൻ ഈ കാലയളവിൽ എനിക്ക് സാധിച്ചു.*




കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പ്  പദ്ധതിയുടെ ഭാഗമായി പാലക്കാട് സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ വാട്ടർ സപ്ലൈ & സ്വീവേജ് ഇന്റേണായാണ് ഞാൻ പ്രവർത്തിക്കുന്നത്. സിവിൽ എഞ്ചിനീയറിംഗ് മേഖലയിലെ തുടക്കക്കാരി എന്ന നിലയിൽ വളരെ അത്യുജ്ജലമായ അവസരമാണ് എനിക്ക് ലഭിച്ചത്.

പ്രോജക്ടുകളിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതും പ്രോജക്ടിന്റെ സാധ്യതകളും മനസ്സിലാക്കുവാൻ ഈ കാലയളവിൽ എനിക്ക് സാധിച്ചു. അതുപോലെ മലിനജല സംസ്കരണത്തിന് നൽകിവരുന്ന ഒട്ടനവധി പരിശീലന പരിപാടികളിലൂടെ ഈ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ അറിയുവാൻ സാധിച്ചു.  എന്റെ നാട്ടിൽ ഇത്തരം നവീന പദ്ധതികളുടെ പ്രാധാന്യവും സാധ്യതകളും മനസ്സിലാക്കുവാൻ സാധിച്ചു. നമ്മുടെ കഴിവുകളെ വളർത്തുന്നതിനും കൂടുതൽ ആഴത്തിൽ വിഷയങ്ങൾ പഠിക്കുന്നതിനും ഈ ഇന്റേൺഷിപ്പ് സഹായിക്കും.

കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പ് വഴിയാണ് അമൃത് പദ്ധതിയിൽ മുനിസിപ്പൽ ഫിനാൻസ് ഇന്റേൺ ആയി പ്രവർത്തിക്കുവാൻ എനിക്ക് അവസരം കൈവന്നത്. ബി.കോം ബിരുദധാരിയായ എനിക്ക് അക്കാദമിക്കലായ അറിവ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പാലക്കാട് മുനിസിപ്പാലിറ്റിയിൽ ഇന്റേൺ ആയി തിരഞ്ഞെടുക്കപ്പെട്ടതോടെ മുനിസിപ്പാലിറ്റിയിൽ ഫിനാൻസിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. മാത്രമല്ല ഇപ്പോൾ നടക്കുന്ന അമൃത് പദ്ധതി പ്രവർത്തനങ്ങളിൽ എത്രത്തോളം ഫണ്ടുകളുടെ ആവശ്യകതയുണ്ടെന്നും, തക്കതായ സമയത്ത് ഫണ്ട് ലഭ്യത ഉറപ്പുവരുത്തുക എന്നുള്ള കാര്യത്തിലും മികച്ച പ്രവർത്തി പരിചയം നേടുവാൻ സാധിച്ചു.

എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന മികച്ച അവസരമാണ് ടുലിപ് ഇന്റേൺഷിപ്പ്. ഇനിയും ധാരാളം യുവജനങ്ങളെ മികവുറ്റവരാക്കാൻ ഈ ഇന്റേൺഷിപ്പ് സഹായിക്കുമെന്ന് ഉറപ്പായി ഞാൻ വിശ്വസിക്കുന്നു.





**ജോസഫ് നിതിൻ എൻ.ജെ.**

> *"എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന മികച്ച അവസരമാണ് ടുലിപ് ഇന്റേൺഷിപ്പ്, ഇനിയും ധാരാളം യുവജനങ്ങളെ മികവുറ്റവരാക്കാൻ ഈ ഇന്റേൺഷിപ്പ് സഹായിക്കുമെന്ന് ഉറപ്പായി ഞാൻ വിശ്വസിക്കുന്നു.*



വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തുവാനായി കോഴിക്കോട് ചേർന്ന യോഗം




ഗുരുവായൂർ ടെമ്പിൾ സിറ്റി ഡ്രെയിനേജ് & ഫുട്പാത്ത് പദ്ധതി



തിരുവനന്തപുരം - പൗണ്ട്കടവ് ഡോ. എ.പി.ജെ. അബ്ദുൽ കലാം പാർക്ക്




കൊല്ലം - പാർവ്വതി മിൽ ഫുട്ഓവർ ബ്രിഡ്ജ്



കൊച്ചി - നവീകരിച്ച പണ്ടാര ചാൽ കനാൽ



കൊല്ലം - നവീകരിച്ച ആശ്രാമം പാർക്ക്

# അമൃത് പദ്ധതി സൂചിക (31.01.2022 പ്രകാരം)

## കേരളം
2357.69 കോടി രൂപയുടെ 1001 പദ്ധതികൾ
2391.14 കോടി രൂപയുടെ 1001 പദ്ധതികൾക്ക് ഭരണാനുമതി
2280.29 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതി
2264.03 കോടി രൂപയുടെ 998 പദ്ധതികൾ ടെന്റർ ചെയ്തു
2014.42 കോടി രൂപയുടെ 985 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
760 പദ്ധതികൾ പൂർത്തീകരിച്ചു. 1270.21 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
323.21 കോടി രൂപയുടെ 266 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
231 പദ്ധതികൾ പൂർത്തീകരിച്ചു. 210.81 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം
253.45 കോടി രൂപയുടെ 59 പദ്ധതികൾ
312.16 കോടി രൂപയുടെ 59 പദ്ധതികൾക്ക് ഭരണാനുമതി
299.46 കോടി രൂപയുടെ 59 പദ്ധതികൾക്ക് സാങ്കേതികാനുമതി
295.11 കോടി രൂപയുടെ 59 പദ്ധതികൾ ടെന്റർ ചെയ്തു
176.74 കോടി രൂപയുടെ 56 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
42 പദ്ധതികൾ പൂർത്തീകരിച്ചു. 73.79 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ
222.70 കോടി രൂപയുടെ 194 പദ്ധതികൾ
219.65 കോടി രൂപയുടെ 194 പദ്ധതികൾക്ക് ഭരണാനുമതി
218.07 കോടി രൂപയുടെ 194 പദ്ധതികൾക്ക് സാങ്കേതികാനുമതി
215.39 കോടി രൂപയുടെ 192 പദ്ധതികൾ ടെന്റർ ചെയ്തു
212.97 കോടി രൂപയുടെ 191 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
144 പദ്ധതികൾ പൂർത്തീകരിച്ചു. 170.88 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി
328.78 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
78 പദ്ധതികൾ പൂർത്തീകരിച്ചു. 140.05 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ
269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെന്റർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
78 പദ്ധതികൾ പൂർത്തീകരിച്ചു. 132.91 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ
203.10 കോടി രൂപയുടെ 33 പദ്ധതികൾ
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
12 പദ്ധതികൾ പൂർത്തീകരിച്ചു. 137.21 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്
221.75 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
106 പദ്ധതികൾ പൂർത്തീകരിച്ചു. 140.74 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.46 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
302.23 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
302.23 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
45 പദ്ധതികൾ പൂർത്തീകരിച്ചു. 118.55 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
205.73 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
205.51 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
202.92 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 145.26 കോടി രൂപ നാളിതുവരെ ചെലവഴിച്ചു




Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014